I ഇ.ബി. XV - കേരള നിയമസഭ/VII-3

# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 07, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട 86-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 86-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചയും നെല്ല് സംഭരണത്തിലെ പാളിച്ചയുംമൂലം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചതിലൂടെ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കേരളം പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോഴും കാര്യക്ഷമമായ വിപണി ഇടപെടലിലൂടെ വിലക്കയറ്റം ശക്തമായി പിടിച്ചുനിർത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വിലക്കയറ്റം രൂക്ഷമായ 2022 ആഗസ്റ്റിലെ ദേശീയ ഉപഭോക്തൃ വിലസൂചിക നിരക്ക് 7.90 ശതമാനവും സംസ്ഥാനത്തേത് 5.73 ശതമാനവും ആയിരുന്നു. ഭക്ഷ്യധാന്യങ്ങൾ വ്യാപകമായി ഉല്പാദിപ്പിക്കുന്ന പഞ്ചാബ്, ആന്ധ്രാപ്രദേശ്, കർണാടക സംസ്ഥാനങ്ങളിൽ

കേരളത്തിനെക്കാൾ ഉയർന്ന വിലസൂചിക നിരക്കാണുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കൃഷിക്കാർക്ക് 16 ഇനം പച്ചക്കറികൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് നൽകുന്നുണ്ട്. സപ്ലൈകോ മുഖാന്തരം ഈ സാമ്പത്തിക വർഷം ഇതുവരെ 1.36 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും 165.21 കോടി രൂപ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 93 ലക്ഷം കാർഡുടമകളിൽ 90 ശതമാനത്തിലധികംപേരും റേഷൻ കടകളിൽനിന്നും കൃത്യമായി ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നുണ്ട്. സപ്ലൈകോ, കൺസ്യൂമർഫെഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി മഹാഭൂരിപക്ഷം കുടുംബങ്ങൾക്കും ആശ്വാസം പകരാനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: പൊതുവിതരണ സമ്പ്രദായത്തിന്റെ തകർച്ചയും നെല്ല് സംഭരണത്തിലെ പാളിച്ചയുംമൂലം പച്ചക്കറികളുൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കുതിച്ചുയർന്ന സാഹചര്യമാണ് നിലവിലുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വിലക്കയറ്റം കുറവാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്ത്

ഒരു വർഷത്തിനിടെ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ക്രമാതീതമായ വർദ്ധനവാണുണ്ടായിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി വിപണിവില നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. അരിയുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോഴും സപ്ലൈകോ നോക്കുകുത്തിയായി മാറിയിരിക്കുന്ന സ്ഥിതിയാണുള്ളത്. സാധന സാമഗ്രികളുടെ വില വർദ്ധനവുമൂലം സ്തംഭനാവസ്ഥയിലായ നിർമ്മാണമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): ഒരു വർഷം സംസ്ഥാനത്തിന് 35-40 ലക്ഷം ടൺ അരിയുടെ ആവശ്യമുള്ളപ്പോൾ അരിയും ഗോതമ്പുമുൾപ്പെടെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത് 14.25 ലക്ഷം മെട്രിക് ടൺ മാത്രമാണ്. 2013-ൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നിലവിൽ വന്നതുമുതലാണ് കേന്ദ്ര വിഹിതത്തിൽ കുറവ് സംഭവിച്ചത്. സൗജന്യ നിരക്കിൽ അരി ലഭ്യമാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയിൽ സംസ്ഥാനത്തെ 43 ശതമാനം റേഷൻ കാർഡുടമകൾ മാത്രമാണുൾപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിനുള്ള അരി വിഹിതം

വർദ്ധിപ്പിക്കണമെന്നും മുൻഗണനാ വിഭാഗക്കാർക്ക് മാത്രമായി റേഷൻ വിഹിതം പരിമിതപ്പെടുത്തിയ നടപടി പുന:പരിശോധിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകളെ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യത്തിൽ 13 ഇനം ഉത്പന്നങ്ങൾ 2016-ലെ വിലയ്ക്കാണ് നൽകിവരുന്നത്. പരിമിതികൾക്കുള്ളിലും ഫലപ്രദമായ വിപണി ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) <u>പിന്നാക്ക-ന്യൂനപക്ഷ/പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്</u>

<u>ശ്രീ. എം. വിജിൻ:</u> ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പിന്നാക്ക-ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന

പ്രീമെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായി നിർത്തലാക്കുകയും ഒൻപത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുകയും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അനാവശ്യ നിബന്ധനകൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന  കേന്ദ്ര സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. അനാവശ്യ നിബന്ധനകൾ അടിച്ചേൽപ്പിച്ചും പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ നൽകിയും പാറ്റേണുകൾ ഭേദഗതി ചെയ്തും  ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത അടിച്ചേൽപ്പിച്ചും കേന്ദ്ര സർക്കാർ പിന്നാക്ക ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി സ്തംഭിപ്പിച്ചിരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ സംവരണം വിഭാവനം ചെയ്യാതെയാണ് കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പാക്കുന്നത്.  പിന്നാക്ക പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അനാവശ്യ നിബന്ധനകളേർപ്പെടുത്തി തടസ്സപ്പെടുത്തുന്ന കേന്ദ്ര നിലപാടിനെതിരെ സർക്കാർ ശക്തമായ ഇടപെടൽ നടത്തണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):  നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ മാറ്റുന്നതിനുവേണ്ടിയാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. നിലവിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്

നടപ്പാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് നൂറ് ശതമാനവും പ്രീമെട്രിക് സ്കോളർഷിപ്പിന് അൻപത് ശതമാനവും കേന്ദ്ര സർക്കാരാണ് നൽകുന്നത്. പ്രസ്തുത സ്കീമുകൾ 2022-23 മുതൽ പുതുക്കി നടപ്പാക്കാൻ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരിക്കുകയാണ്. പിന്നാക്ക-ന്യൂനപക്ഷ വിഭാഗത്തിലുള്ള കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ കേന്ദ്ര വിഹിതം അറുപത് ശതമാനമായി കുറച്ചത് സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത സൃഷ്ടിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നടപ്പാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുകയും രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികളെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിൽനിന്നും ഒഴിവാക്കിയിരിക്കുകയുമാണ്. ഇതിനെതിരെ സംസ്ഥാന സർക്കാർ നിരന്തരം ഇടപെട്ടതിന്റെ ഭാഗമായി 2022 നവംബർ മുതൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള തടസ്സം നീക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് കേന്ദ്ര മാനദണ്ഡപ്രകാരം തുക അനുവദിക്കുന്നതുവരെ നിലവിലെ ഇ-ഗ്രാന്റ് സംവിധാനമുപയോഗിച്ച് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. പുതിയ വിദ്യാഭ്യാസാവകാശ നിയമം അനുസരിച്ച്

ഒന്ന് മുതൽ എട്ട് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒമ്പത്, പത്ത് ക്ലാസ്സുകളിലെ പിന്നാക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി സർക്കാരിന്റെ പ്രഥമ പരിഗണനയിലായതിനാൽ ഏതെങ്കിലും വിഭാഗത്തിന് ആനുകൂല്യം നിഷേധിക്കപ്പെടുന്നുണ്ടെങ്കിൽ സംസ്ഥാന സർക്കാർ ഇടപെടൽ നടത്തുന്നതാണ്.

(2) കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

ശ്രീ. കുറുക്കോളി മൊയ്തീൻ: കാർഷികോല്പന്നങ്ങളുടെ വിലയിടിവും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവും കാരണം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി കേരളത്തിലെ കർഷകർക്ക് പ്രയാസമുണ്ടാക്കുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടലിലൂടെ അവ ഫലപ്രദമായി പരിഹരിക്കാൻ സാധിക്കുന്നുണ്ട്. രാജ്യത്ത് 28.20 രൂപയ്ക്ക് നെല്ലും 32 രൂപയ്ക്ക് നാളികേരവും സംഭരിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. കേന്ദ്ര സർക്കാർ രാസവള സബ്സിഡി

വെട്ടിക്കുറച്ചതും പാമോയിലിന്റെ ഇറക്കുമതി തീരുവ 44 ശതമാനത്തിൽ നിന്നും 5.5 ശതമാനമായി കുറച്ചതും കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പരിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന റബ്ബർ ആക്ട്, കോഫി ആക്ട്, സ്പൈസസ് ആക്ട് എന്നിവയുടെ കരട് റിപ്പോർട്ടിലെ ശിപാർശകളിൽ കേരളത്തിനുള്ള ആശങ്ക അറിയിച്ചിട്ടുണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പാക്കിവരികയാണ്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നാളികേര കർഷകരെ സഹായിക്കാനായി സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയും ആവശ്യകതയനുസരിച്ച് സംഭരണ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും 22 സംഭരണ കേന്ദ്രങ്ങളെ മൊബൈൽ പ്രൊക്വയർമെന്റ് സെന്ററുകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതിപ്രകാരം സഹകരണസംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും വി.എഫ്.പി.സി.കെ.-യെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി

പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തുല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ ന്യായവില നൽകി ഹോർട്ടികോർപ്പുവഴി സംഭരിക്കുകയും റബ്ബർ കർഷകരെ സഹായിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ കേരള റബ്ബർ കമ്പനി (Kerla Rubber Limited) യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നതാണ്. കർഷകരുടെ വരുമാനവർദ്ധനവ് ഉറപ്പാക്കുന്നതിനായി 11 വകുപ്പുകളും യോജിച്ച് മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ച വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ (VAAM) വഴി 2150 കോടി രൂപയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## IV. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വിഴിഞ്ഞം തുറമുഖ സമരം ഒത്തുതീർപ്പാക്കൽ

വിഴിഞ്ഞം തുറമുഖസമരം ഒത്തുതീർപ്പാക്കിയത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## V. സബ്മിഷൻ

(1 )യൂത്ത് കോൺഗ്രസ് മാർച്ചിനുനേരെയുള്ള പോലീസ് നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) : യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തിയ നിയമസഭാ മാർച്ചിനുനേരെ നടപടിക്രമം ലംഘിച്ച് ഗ്രനേഡ് പ്രയോഗിച്ച പോലീസിനെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : 6-12-2022-ന് യൂത്ത് കോൺഗ്രസ് പ്രവർത്തകർ നിയമസഭയിലേയ്ക്ക് നടത്തിയ മാർച്ച് അക്രമാസക്തമായതിനെത്തുടർന്ന് പലപ്രാവശ്യം ജലപീരങ്കി പ്രയോഗിച്ചുവെങ്കിലും പിരിഞ്ഞുപോകാത്തതിനാൽ സ്റ്റൺ ഗ്രനേഡ് പ്രയോഗിക്കുകയും ഒരു പ്രവർത്തകന് പരിക്കേൽക്കുകയും പരിക്കേറ്റയാളെ പോലീസ് ആശുപത്രിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ചിനെത്തുടർന്നുണ്ടായ സംഭവത്തിൽ മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(2) <u>പ്രീമെട്രിക് സ്കോളർഷിപ്പ്</u>

<u>ശ്രീ. എ. പി. അനിൽകുമാർ</u> : ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് നിർത്തലാക്കിയത് പുന:സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും പുന:സ്ഥാപിക്കുന്നതുവരെ സംസ്ഥാന സർക്കാർ ടി ആനുകൂല്യം നൽകണമെന്നും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽപെട്ട കുട്ടികൾക്കുള്ള ന്യൂനപക്ഷ പ്രീമെട്രിക് സ്കോളർഷിപ്പിന് ഇക്കൊല്ലം എട്ട് ലക്ഷം കുട്ടികളാണ് അപേക്ഷ സമർപ്പിച്ചത്. എന്നാൽ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായുള്ള വിദ്യാഭ്യാസം നൽകാൻ ബാധ്യസ്ഥമായതിനാൽ ഒമ്പത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുമാത്രമേ പ്രസ്തുത സ്കോളർഷിപ്പിന് ഇപ്പോൾ അർഹതയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ സ്കോളർഷിപ്പ് പുന:സ്ഥാപിക്കാൻ

കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതും ലഭിച്ചില്ലെങ്കിൽ ബദൽമാർഗ്ഗം സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) പരവൂർ കായൽ സംരക്ഷണം

ശ്രീ. ജി. എസ്. ജയലാൽ: പരവൂർ കായലിൽ രൂപപ്പെട്ടിട്ടുള്ള മണൽത്തിട്ടകൾ അടിയന്തരമായി നീക്കം ചെയ്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും കായലിന്റെ സ്വാഭാവികത നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പരവൂർ കായലിൽ മണൽത്തിട്ട രൂപപ്പെട്ടതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഡി.എസ്.ആർ. 2018 പ്രകാരം നാലര കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി കരാറിലൂടെ പര്യവേക്ഷണ പ്രവൃത്തികൾ ഉടൻതന്നെ പൂർത്തിയാക്കാനും മണ്ണിന്റെ ഘടനയും അളവും നിശ്ചയിച്ച് സർക്കാരിന് വരുമാനം ലഭിക്കത്തക്കരീതിയിൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്

പ്രകാരം കായലിൽ നിന്നും മണ്ണ് നീക്കം ചെയ്യാനും നടപടി സ്വീകരിക്കുന്നതാണ്.

(4) കോന്നി വനമേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി മലയോര മേഖലയിലെ കൈവശകൃഷിക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ അജണ്ടയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനായി സർക്കാർ അടിയന്തര ഇടപെടൽ നടത്തണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോന്നി മലയോര മേഖലയിലെ കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി 2010- ൽ കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിക്കുകയും നിരവധി തവണ കേന്ദ്രമന്ത്രിയെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്തുവെങ്കിലും യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാനുള്ള ശ്രമങ്ങൾ തുടരുന്നതാണ്.

## (5) പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതി

ശ്രീ. പി. പി. ചിത്തരഞ്ജൻ: 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ കുട്ടനാടൻ പ്രദേശത്തും മറ്റും വീട് വെള്ളത്തിനടിയിലായവർക്ക് പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2018-ലെയും 2019-ലെയും പ്രളയങ്ങളിൽ വീട് പൂർണ്ണമായും തകരുകയും യാതൊരുവിധ ധനസഹായവും ലഭിക്കാത്തതുമായ കേസുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് ഭവന പദ്ധതിപ്രകാരമുള്ള 4 ലക്ഷം രൂപ നൽകുന്നതിനുള്ള നിർദ്ദേശം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. SDRF, CMDRF എന്നിവയിൽ വീട് നിർമ്മാണത്തിനുള്ള ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് ഭവന പദ്ധതി നിരക്കിൽ സഹായം നൽകേണ്ടതുള്ളൂവെന്നാണ് കോ-

ഓർഡിനേഷൻ സമിതി തീരുമാനിച്ചിട്ടുള്ളത്. വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും ഏതെങ്കിലും സ്കീമിൽനിന്ന് നഷ്ടപരിഹാരം ലഭിക്കുകയും ചെയ്തവരുടെ വീടുകൾ വീണ്ടും വാസയോഗ്യമല്ലാതാകുകയും ലൈഫ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഇവർ ഉൾപ്പെടുകയും ചെയ്താൽ ലൈഫ് മിഷനിൽ നിന്നുള്ള ധനസഹായം അനുവദിക്കാമോ എന്നതുസംബന്ധിച്ച് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## (6) ലഹരി വിൽപ്പനയ്ക്കെതിരെ നിയമനിർമ്മാണം

ശ്രീ. കെ. പി. മോഹനൻ: പോലീസ്, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് മയക്കുമരുന്ന് വ്യാപനം തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടി ഉറപ്പാക്കുന്നതിനുമുള്ള നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): എൻ.ഡി.പി.എസ്. ആക്ട് പ്രകാരം മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്ര നിയമമായതിനാൽ പ്രസ്തുത ആക്ടിൽ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. ആയതിനാൽ ഇതിലെ വ്യവസ്ഥകൾ പുന:പരിശോധിച്ച് ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര

ഗവൺമെന്റിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് എക്സൈസ് വകുപ്പ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ബോധവൽക്കരണം നടത്തിവരുന്നുണ്ട്. വിദ്യാലയ പരിസരത്ത് പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ വിപത്തിനെതിരെ പോലീസും എക്സൈസും യോജിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിനായി പ്രത്യേക നിയമം നിർമ്മിക്കുന്നതിന് സംസ്ഥാനത്തിന് അധികാരമില്ലെന്ന് നിയമ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(7) വള്ളിക്കുന്ന് ആർട്സ് ആൻഡ് സയൻസ് കോളേജ്

ശ്രീ. അബ്ദുൽ ഹമീദ് പി.: വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള 5 ഏക്കർ സ്ഥലം കോളേജ് ആരംഭിക്കുന്നതിനായി വിട്ടുനൽകണമെന്ന ആവശ്യത്തിന്മേൽ സ്റ്റാൻഡിംഗ്

കൗൺസിലിനോട് നിയമോപദേശം തേടിയിരുന്നെങ്കിലും പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനോ അന്യാധീനപ്പെടുത്താനോ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അധിക ബാദ്ധ്യതകളേറ്റെടുക്കാൻ പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലും കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(8) ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലം കൈമാറ്റം ചെയ്യൽ

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലഫ്. കേണൽ നിരഞ്ജൻ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥിതി ചെയ്യുന്ന സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്തിൽ ഐ.ടി.ഐ.-യുടെ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്ഥലം കൈമാറുന്നതിന് സന്നദ്ധമാണെന്ന് ജലസേചന വകുപ്പ് അറിയിച്ചിരുന്നെങ്കിലും നാളിതുവരെ സ്ഥലം കൈമാറിയിട്ടില്ല.

വ്യാവസായിക പരിശീലന വകുപ്പിന് സ്വന്തമായി സ്ഥലമില്ലാത്തതിനാലും അധിക സാമ്പത്തിക ബാധ്യത വരുമെന്നതിനാലും ടി നിർമ്മാണ കരാറിൽ ഏർപ്പെടേണ്ടതില്ലെന്ന് ആസൂത്രണകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) വെസ്റ്റ്ഹിൽ ഭട്ട് റോഡ് റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: വെസ്റ്റ്ഹിൽ ഭട്ട് റോഡ് റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വെസ്റ്റ്ഹിൽ ഭട്ട് റോഡ് റെയിൽവേ മേൽപ്പാലം ഉൾപ്പെടെയുള്ള 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി കിഫ്ബി സാമ്പത്തികാനുമതി നൽകി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും സിൽവർലൈൻ അലൈൻമെന്റ് അന്തിമമായതിനുശേഷമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. കെ.ആർ.ഡി.സി.എൽ.-ന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(10) തൃക്കാക്കര-ബ്രഹ്മപുരം പാലം

ശ്രീമതി ഉമ തോമസ്: തൃക്കാക്കര-ബ്രഹ്മപുരം പാലം പുതുക്കിപ്പണിയുന്നതിനുമുമ്പ് സമാന്തര സഞ്ചാരപാത നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി ബ്രഹ്മപുരം ഉൾപ്പെടെയുള്ള പാലങ്ങൾ പൊളിച്ച് ഉയർത്തിപ്പണിയേണ്ട പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊളിക്കുന്ന പാലത്തിനും കുഴിച്ചിറ ബണ്ടിനും സമാന്തരസംവിധാനം ഏർപ്പെടുത്തിയശേഷമേ പാലം നിർമ്മാണത്തിലേയ്ക്ക് കടക്കുകയുള്ളൂ.

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VII. നിയമനിർമ്മാണകാര്യം

### 1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): അവധാനതയില്ലാതെ തയ്യാറാക്കിയ ബില്ലാണിത്. 2-ാം നമ്പർ ബില്ലിലെ ഖണ്ഡം 2 പ്രകാരം ചാൻസലറുടെ താൽക്കാലിക ഒഴിവിൽ പ്രോ-വൈസ്-ചാൻസലർക്ക് ചാൻസലറുടെ ചുമതല നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് 2018-ലെ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. യു.ജി.സി. മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായ ക്ലോസ് ബില്ലിൽ ചേർത്താൽ അത് നിലനിൽക്കുകയില്ല. യൂണിവേഴ്സിറ്റി ഫണ്ടിൽനിന്നും ചാൻസലർക്ക് പുതിയ

സംവിധാനങ്ങളൊരുക്കുന്നതിന് അധികച്ചെലവ് വരും; ആയതിനാൽ ഇത് ഉൾപ്പെടുത്താത്ത ധനകാര്യ മെമ്മോറാണ്ടം അപൂർണ്ണമാണ്. സർക്കാർ നിയമിക്കുന്ന ചാൻസലർ പ്രോ-വൈസ്-ചാൻസലർ ആയിട്ടുള്ള മന്ത്രിക്ക് അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്നതിലും അവ്യക്തത നിലനിൽക്കുന്നുണ്ട്. റൂൾസ് ഓഫ് ബിസിനസ്സിലെ വ്യവസ്ഥകളും വയലേറ്റ് ചെയ്യപ്പെടുകയാണ്. സ്റ്റാറ്റ്യൂട്ടറിയായി ഗവർണർക്ക് നൽകിയിരിക്കുന്ന അധികാരം പിൻവലിക്കാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. ഗവർണറെ ചാൻസലർ പദവിയിൽനിന്ന് മാറ്റുമ്പോൾ പകരം കൊണ്ടുവരുന്ന സംവിധാനം കുറ്റമറ്റതാകണം. വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും നിയമനം നടത്തുന്നതിനുള്ള വ്യവസ്ഥ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം നഷ്ടപ്പെടുത്തും. ആയതിനാൽ ബിൽ പിൻവലിച്ച് സമഗ്രമായ പുതിയ ബിൽ കൊണ്ടുവരണം.

ശ്രീ. രമേശ് ചെന്നിത്തല: അവധാനതയില്ലാതെയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. വിദ്യാഭ്യാസ വിചക്ഷണന്മാരെ സർവ്വകലാശാലയുടെ വൈസ് ചാൻസലർമാരായി നിയമിക്കാമെന്ന വ്യവസ്ഥ സർക്കാരിന് ഇഷ്ടമുള്ളവരെ നിയമിക്കാൻ വേണ്ടിയുള്ളതാണ്. കേരളത്തിലെ

സർവ്വകലാശാലകൾ സ്വതന്ത്ര സ്വഭാവവും നിഷ്പക്ഷതയുമുള്ള സംവിധാനമായി നിലനിൽക്കേണ്ടതാണ്. 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിൽ സംസ്ഥാനത്തെ സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവുമുണ്ടാകുന്നതല്ലെന്ന് കാണിച്ചിരിക്കുന്നത് പരിശോധിക്കപ്പെടണം. ചാൻസലറുടെ സ്ഥാനത്തേയ്ക്ക് നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് പ്രതിഫലം വ്യവസ്ഥ ചെയ്യുന്നില്ലെങ്കിലും ഓഫീസ് സംവിധാനം ക്രമീകരിക്കുന്നതിന് തുക ചെലവുവരും. ആയതിനാൽ ചാൻസലർ പദവിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അനിവാര്യമായ ആവർത്തന-അനാവർത്തന ചെലവുകളുടെ പ്രതീക്ഷിത വിവരങ്ങൾകൂടി ഉൾപ്പെടുത്തി പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം പ്രസിദ്ധീകരിച്ചതിനുശേഷമേ ബിൽ പരിഗണനയ്ക്കെടുക്കാവൂ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് അധികത്തുക ചെലവുവരുന്നില്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്. ആവർത്തനവും അനാവർത്തനവുമായ ചെലവുകൾ സഞ്ചിതനിധിയിൽനിന്ന് വഹിക്കേണ്ടതായി വരുന്നില്ലെങ്കിലും ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തണമെന്നാണ് ചട്ടം അനുശാസിക്കുന്നത്. പുതിയൊരാളെ

ചാൻസലർ പദവിയിലേയ്ക്ക് നിയമിക്കുമ്പോൾ ഓഫീസ് സംവിധാനമുൾപ്പെടെ ക്രമീകരിക്കേണ്ടതിനാൽ ഉണ്ടാകാവുന്ന മതിപ്പുചെലവ് ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ധാരാളം നിയമപ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള ബില്ലെന്നതിനാൽ വകുപ്പുതിരിച്ചുള്ള ചർച്ചയ്ക്ക് മുമ്പ് അഡ്വക്കേറ്റ് ജനറലിനെ സഭയിൽ കൊണ്ടുവന്ന് നിയമപ്രശ്നങ്ങൾ വിശദീകരിക്കാൻ അവസരമൊരുക്കണം.

ഡോ. മാത്യു കുഴൽനാടൻ: കേരള യൂണിവേഴ്സിറ്റി ആക്ട് സെക്ഷൻ 65 പ്രകാരം പുതിയതായി ഒരു വ്യക്തിയെ ചാൻസലറായി നിയമിച്ചാൽ അദ്ദേഹത്തിന് ഹൈക്കോടതിയുമായി കൺസൾട്ടേഷൻ നടത്താൻ പ്രോട്ടോകോൾ പ്രശ്നമുണ്ടാകും. എല്ലാ സർവ്വകലാശാലാ നിയമങ്ങളും ഗവർണർ പദവിക്കനുസൃതമായാണ് തയ്യാറാക്കിയിരിക്കുന്നതെന്നതിനാൽ ഒരിടത്തുമാത്രം ചാൻസലറെ മാറ്റുന്നതിനായി ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ കഴിയില്ല.

ശ്രീ. ടി. സിദ്ദിഖ്: ധനകാര്യ മെമ്മോറാണ്ടം ഇല്ലാതെയും കൗൾ ആൻഡ് ശക്ധറിന്റെ മാനദണ്ഡങ്ങൾ പാലിക്കാതെയുമാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബില്ലിൽ വൈസ് ചാൻസലർക്ക് പ്രൊഫസർ പദവിയിൽ പത്തുവർഷത്തെ പരിചയം വേണമെന്ന് പറയുന്നുണ്ടെങ്കിലും

ചാൻസലർക്ക് പ്രത്യേക യോഗ്യത നിഷ്കർഷിച്ചിട്ടില്ല. ഉന്നതവിദ്യാഭ്യാസത്തിന്റെ സ്വയംഭരണാവകാശം തകർത്ത് ചാൻസലറിലൂടെ രാഷ്ട്രീയ ഇടപെടൽ നടത്താനുള്ള ശ്രമമാണ് ബില്ലിലൂടെ നടത്തുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഈ വിഷയത്തിൽ സഭയ്ക്ക് നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരമുണ്ടോയെന്നും നിയമവും അതിലെ വ്യവസ്ഥകളും ഭരണഘടനയുമായി ചേർന്നുനിൽക്കുന്നതാണോയെന്നും നിയമത്തിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിന് എതിരാണോയെന്നും പാസ്സാക്കിയ ഏതെങ്കിലും നിയമവുമായി വൈരുദ്ധ്യമുണ്ടോയെന്നുമുള്ള കാര്യങ്ങളാണ് തടസ്സവാദത്തിൽ പൊതുവിൽ പരിശോധിക്കുന്നത്. സംസ്ഥാന നിയമവുമായി യു.ജി.സി. ഗൈഡ്‌ലൈനിൽ വൈരുദ്ധ്യം വരുമ്പോൾ ഗൈഡ്‌ലൈൻ നിലനിൽക്കുമെന്ന അപകടകരമായ പ്രസ്താവനയാണ് പ്രതിപക്ഷം നടത്തിയിട്ടുള്ളത്. അങ്ങനെയാണെങ്കിൽ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളിൽ നിയമസഭ പാസ്സാക്കുന്ന ഏത് നിയമവും എക്സിക്യൂട്ടീവ് ഉത്തരവിലൂടെ കേന്ദ്ര ഗവൺമെന്റിന് മാറ്റം വരുത്താൻ സാധിക്കും. സ്റ്റേറ്റ് ലിസ്റ്റിൽപ്പെടുന്ന യൂണിവേഴ്സിറ്റികളിൽ റെഗുലേഷനുണ്ടാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്.

ഭരണഘടന നൽകിയ അധികാരമുപയോഗിച്ചാണ് സംസ്ഥാന നിയമസഭകൾ നിയമം നിർമ്മിക്കുന്നത്. സുപ്രീംകോടതി വിധിപ്രകാരം യു.ജി.സി. റെഗുലേഷൻ നിയമത്തിന്റെ ഭാഗമാണെന്ന് കണക്കാക്കിയാൽ സർവ്വകലാശാലകളിലെ നിയമനങ്ങളിലും പെൻഷൻ പ്രായത്തിലും യു.ജി.സി. മാനദണ്ഡം സ്വീകരിക്കേണ്ടിവരും. നമ്മുടെ സൗകര്യപ്രകാരം യു.ജി.സി. റെഗുലേഷൻ അംഗീകരിക്കുകയോ എതിർക്കുകയോ ചെയ്യാനാകില്ല. യു.ജി.സി. റെഗുലേഷൻസ് കേന്ദ്ര സർവ്വകലാശാലകൾക്ക് മാൻഡേറ്ററിയും സംസ്ഥാന സർവ്വകലാശാലകൾക്ക് ഡയറക്റ്റീവും പാർഷ്യലി മാൻഡേറ്ററിയുമാണെന്നും കേന്ദ്ര-സംസ്ഥാന സർവ്വകലാശാലകൾക്ക് ഒരുപോലെ മാൻഡേറ്ററിയാണെന്നുമുള്ള സുപ്രീംകോടതി വിധികളുണ്ട്. നിലവിലുള്ള ഹൈക്കോടതി വിധി പ്രകാരമാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ ദിവസത്തെ ഹൈക്കോടതി വിധിയിൽ എന്തെങ്കിലും പരാമർശങ്ങളുണ്ടെങ്കിൽ അക്കാര്യം സബ്ജക്ട് കമ്മിറ്റി യോഗം ചേരുമ്പോൾ പരിഗണിക്കാവുന്നതാണ്. ബില്ലിന്റെ ഭാഗമായി ആവർത്തനച്ചെലവുകളോ മറ്റ് ചെലവുകളോ വരാത്തതിനാലാണ് ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താതിരുന്നത്. ഗവർണറുടെ അനുമതിയോടെയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇതര സംസ്ഥാന

സർവ്വകലാശാലകളിലുള്ളതുപോലെ പ്രോ-വൈസ്ചാൻസലർക്കുള്ള അധികാരം മാത്രമാണ് ഈ ബില്ലിലൂടെ വകുപ്പുമന്ത്രിക്ക് നൽകിയിട്ടുള്ളത്. ഏതെങ്കിലും പ്രത്യേക വിഷയത്തിലുള്ള നൈപുണി മാത്രമല്ല വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയെ നയിക്കാനും ദിശാബോധം നൽകാനും സാധിക്കുന്ന വ്യക്തിത്വമാകണം ചാൻസലർ. ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് അടിസ്ഥാനമില്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ ഭേദഗതി (3-ാം നമ്പർ) ബിൽ എന്നിവയിലെ ധനകാര്യ മെമ്മോറാണ്ടം യാഥാർത്ഥ്യബോധത്തോടെയാണ് തയ്യാറാക്കിയിരിക്കുന്നതെന്നതാണ് സർക്കാർ നിലപാട്. യു.ജി.സി. ഗൈഡ്ലൈനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമനിർമ്മാണം നടത്തിയാൽ അത് ഭരണഘടനയുടെ അനുച്ഛേദം 254-ന്റെ പരിധിയിൽ വരുമോ എന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധി ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും അത് സംബന്ധിച്ച നിയമപോരാട്ടം ഇനിയും അവസാനിച്ചിട്ടില്ലെങ്കിലും സഭയുടെ

നിയമനിർമ്മാണാധികാരത്തെ അവയൊന്നും ദുർബലപ്പെടുത്തുന്നതായി കരുതാനാവില്ല. പ്രോട്ടോകോൾ ലംഘനം ഉൾപ്പെടെയുള്ള മറ്റ് വിഷയങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിലോ ബില്ലിന്റെ പരിഗണനാവേളയിലോ പരിഹരിക്കപ്പെടാവുന്നതായതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പൂഞ്ചി കമ്മീഷൻ ശിപാർശയുടെയും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശയുടെയും അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് മുമ്പുണ്ടായിരുന്ന സർക്കാരുകൾ സ്വീകരിച്ച പൊതുനിലപാടിന്റെ പ്രയോഗത്തിനുള്ള ബില്ലാണ് കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളുടെ ചാൻസലർമാർ ഉന്നത നിലവാരമുള്ളവരും സർവ്വകലാശാലകളുടെ അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുന്ന വിദഗ്ദ്ധരുമായിരിക്കണമെന്ന് തീരുമാനിച്ചുകൊണ്ടാണ് 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ അതരിപ്പിക്കാൻ സർക്കാർ തയ്യാറായത്. ജനാധിപത്യവും ഭരണഘടനാപരവുമായ അവകാശങ്ങൾ ഹനിക്കപ്പെടുന്ന രാഷ്ട്രീയ സാഹചര്യത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ ജനാധിപത്യപരമായി എങ്ങനെ നിലനിർത്താമെന്ന്

പരിശോധിച്ച പൂഞ്ചി കമ്മീഷൻ ഗവർണറുടെ ചാൻസലർ പദവി ഭരണഘടന വിഭാവനം ചെയ്യുന്നതല്ലെന്നും ഗവർണർ ഏതെങ്കിലുമൊരു സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള പ്രത്യേക അധികാരത്തിന്റെ ഭാരവാഹിയായി വരരുതെന്നും വിലയിരുത്തിയിരുന്നു. ടി നിയമത്തിന് സമാനമായ നിയമം കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടില്ലെങ്കിൽ കേരള സർക്കാരിന് പുതിയ നിയമം പാസ്സാക്കുന്നതിന് നിയമപരമായ തടസ്സമില്ല. സർവ്വകലാശാലയുടെ സെർച്ച് കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റ് വിശ്വാസത്തിലെടുക്കാനോ അംഗീകരിക്കാനോ ഗവർണർ തയ്യാറാകാത്തത് അംഗീകരിക്കത്തക്കതല്ല. സർവ്വകലാശാലകളുടെ ചാൻസലർ പദവിയിൽ പ്രമുഖരായിട്ടുള്ളവർ വരണമെന്നതാണ് സർക്കാർ നിലപാട്. ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകളിൽ ചാൻസലർമാരെ നിശ്ചയിക്കാൻ പോകുന്നത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി)(2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റാനുള്ള നിയമനിർമ്മാണവുമായി സംസ്ഥാനം മുന്നോട്ടുപോകുമ്പോൾ കേന്ദ്രം യു.ജി.സി. ചട്ടം ഭേദഗതി ചെയ്ത് എല്ലാ

സർവ്വകലാശാലകളുടെയും ചാൻസലർ സ്ഥാനം അതത് സംസ്ഥാന ഗവർണർമാർക്ക് നൽകാൻ തയ്യാറായാൽ ഈ നിയമങ്ങൾക്ക് പ്രസക്തിയില്ലാതാകും. മാനദണ്ഡങ്ങൾ പാലിക്കാതെയും സംവരണം അട്ടിമറിച്ചും റാങ്ക് ലിസ്റ്റിൽ തിരിമറി നടത്തിയും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അധ്യാപക നിയമനങ്ങളുൾപ്പെടെ ഇഷ്ടക്കാർക്ക് നൽകിവരുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത്. സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ള മിക്ക നിയമഭേദഗതികളും അധികാരം പിടിച്ചെടുക്കാനും സർവ്വകലാശാലകളെ നിയന്ത്രിക്കാനും വേണ്ടിയുള്ളതാണ്. പാഠ്യപദ്ധതി വികസനം, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, കോഴ്സുകളുടെ നവീകരണം, സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയില്ലെങ്കിൽ ഈ മേഖല തകരും. സർവ്വകലാശാലകളെ രാഷ്ട്രീയക്കാരുടെ ലാവണമാക്കി മാറ്റിയിരിക്കുകയാണ്. സർവ്വകലാശാലകളുടെ നിലവാരം തകർക്കുന്ന രീതിയിൽ ഉന്നതപദവികളിൽ ബന്ധുക്കളെയും പാർട്ടിക്കാരെയും നിയമിക്കുന്ന സർക്കാർ നിലപാട് അപലപനീയമാണ്.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. സജി ചെറിയാൻ</u>: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ)

ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30.12.2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രഗത്ഭരും പ്രശസ്തരുമായ വിദ്യാഭ്യാസ വിചക്ഷണന്മാരെ ചാൻസലർമാരായി നിയമിക്കുന്നതിലൂടെ സർവ്വകലാശാലകളുടെ ഭൗതികവും അക്കാദമികവുമായ മുന്നേറ്റമാണ് ബില്ലിലൂടെ ലക്ഷ്യംവയ്ക്കുന്നത്. വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ എല്ലാ സർവ്വകലാശാലകളിലും സമാന വ്യവസ്ഥ കൊണ്ടുവരുന്നത് സംബന്ധിച്ചും ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ചാൻസലർ സ്ഥാനം നിയമത്തിനതീതമല്ലെന്നും എല്ലാവരും നിയമത്തിന് വിധേയമായി പ്രവർത്തിക്കണമെന്ന ലക്ഷ്യം നിറവേറ്റാനുമാണ് ബിൽ അവതരിപ്പിക്കുന്നത്. ചാൻസലറായ ഗവർണറെ മുൻനിർത്തി ഉന്നതവിദ്യാഭ്യാസ മേഖല പിടിച്ചെടുക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നതിന്റെ ഭാഗമായാണ് പല സംസ്ഥാനങ്ങളെയും ഇത്തരമൊരു നടപടിയിലേയ്ക്ക് നീങ്ങാൻ പ്രേരിപ്പിച്ചത്. കേരള സർവ്വകലാശാലയ്ക്ക് NAAC-ൽ 'എ പ്ലസ്' നേടാനായതും ഡിജിറ്റൽ സർവ്വകലാശാല, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാല എന്നിവ തുടങ്ങാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്. പൊതുവിദ്യാഭ്യാസ

മേഖലയിൽ മാതൃകാപരമായ പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മുഹമ്മദ് മുഹസിൻ): 2022-ലെ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി 3-ാം നമ്പർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചാൻസലർമാർ സർവ്വകലാശാലകൾക്ക് പ്രയോജനം ചെയ്യുന്നവരായിരിക്കണം. നിലവിലുള്ള ചാൻസലർ സർവ്വകലാശാലകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള ഫയലുകളിൽ തീരുമാനമെടുക്കാതെ നിരുത്തരവാദപരമായിട്ടാണ് മുന്നോട്ടുപോകുന്നത്. വി.സി. നിയമനങ്ങളിൽ ഇടപെട്ട് ഒരു പ്രത്യേക വിഭാഗത്തെ നിയമിക്കുന്നത് സർവ്വകലാശാലകളെയും അവിടത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെയും തകർക്കുന്നതിനുവേണ്ടിയാണ്. കേന്ദ്ര സർക്കാർ യൂണിവേഴ്സിറ്റികളുടെ പേരും രൂപവും മാറ്റുന്നതിനും ചിന്തിക്കുന്ന തലമുറ രൂപം കൊള്ളാതിരിക്കുന്നതിനുമുള്ള ശ്രമമാണ് നടത്തിവരുന്നത്. മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ ഹിന്ദിയാക്കണമെന്ന കേന്ദ്ര തീരുമാനം എതിർക്കപ്പെടേണ്ടതാണ്. എൻ.ഐ.ആർ.എഫ്.-ന്റെ പട്ടികയിൽ കേരളത്തിലെ നാല് യൂണിവേഴ്സിറ്റികൾ സ്ഥാനം പിടിക്കുകയും ഇന്ത്യയിലെ

നൂറ് മികച്ച കോളേജുകളിൽ കേരളത്തിലെ 19 കോളേജുകൾ ഉൾപ്പെടുകയും നാക്-ന്റെ എ++ അക്രഡിറ്റേഷനോടുകൂടി കേരള യൂണിവേഴ്സിറ്റി രാജ്യത്തെ തന്നെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളിലൊന്നായി മാറുകയും നിരവധി സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് ആയി മാറുകയും ചെയ്തതിലൂടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല സമാനതകളില്ലാത്ത പുരോഗതിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ബില്ലുകളെ എതിർക്കുന്നു. ബാഹ്യ ഇടപെടലുകളില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നവയായിരിക്കണം സർവ്വകലാശാലകളെന്ന കാഴ്ചപ്പാടിന് വിരുദ്ധമാണ് ബില്ലിലെ വ്യവസ്ഥകൾ. യു.ജി.സി.-യുടെ നിബന്ധനകൾക്ക് വിരുദ്ധമായ നിലപാടുകളോട് യോജിക്കാൻ കഴിയില്ല. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ തച്ചുടയ്ക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിലെ നിബന്ധനയനുസരിച്ച് ചാൻസലർക്ക് യോഗ്യത നിശ്ചയിക്കാത്തത് സർവ്വകലാശാലകളുടെ നിലവാരത്തകർച്ചയ്ക്ക് കാരണമാകും. സർവ്വകലാശാലകൾക്ക് സർക്കാർ നൽകുന്ന ഗ്രാന്റിൽനിന്നുമാണ്

ചാൻസലർക്ക് ശമ്പളം നൽകുന്നതെന്നതിനാൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ബില്ലിൽ ഉണ്ടാകേണ്ടത് ആവശ്യമാണ്.

ശ്രീ. എ. പി. അനിൽകുമാർ: ബില്ലിനെ എതിർക്കുന്നു. ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് മറച്ചുവച്ചുകൊണ്ട് സഭയെ കബളിപ്പിക്കുന്ന രീതിയിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഔന്നത്യവും താല്പര്യവും സംരക്ഷിക്കുന്നതിന് ഈ ബിൽ ഉതകുന്നതല്ല. ചാൻസലറുടെ യോഗ്യത ബില്ലിൽ നിഷ്കർഷിക്കാത്തതിനാൽ തല്പരകക്ഷികളെ ചാൻസലർ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിന് ഈ ബിൽ കാരണമാകും. കേരളത്തിലെ സർവ്വകലാശാലകളുടെ നിലവാരത്തകർച്ചമൂലം ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളെയും ഇതര സംസ്ഥാനങ്ങളെയും ആശ്രയിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സർക്കാർ നിലപാട് തിരുത്തണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഗവർണർ ചാൻസലർ സ്ഥാനത്ത് തുടരണമോ വേണ്ടയോ എന്നത് സംബന്ധിച്ച നിലപാട് പ്രതിപക്ഷം വ്യക്തമാക്കിയിട്ടില്ല. ബില്ലിന്റെ ഉള്ളടക്കം കക്ഷിഭേദമെന്യേ എല്ലാവരും അംഗീകരിക്കുന്നതായതിനാൽ അത് ഏകകണ്ഠമായി പാസ്സാക്കാം. ഗവർണറെ ചാൻസലർ

സ്ഥാനത്തുനിന്ന് മാറ്റുന്നതിനെ നിങ്ങൾ വിമർശിക്കുമ്പോൾ മുഖ്യമന്ത്രി ചാൻസലർ ആകണമെന്നാണോ ആ സ്ഥാനത്തേയ്ക്ക് ഗവൺമെന്റ് നിയോഗിക്കുന്ന ഒരാൾ വരണമെന്നാണോ പ്രതിപക്ഷം അഭിപ്രായപ്പെടുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. ഗവൺമെന്റ് നിയോഗിക്കുന്ന ഒരാൾ ചാൻസലറായി വന്നാൽ സർവ്വകലാശാല ഒരു ഡിപ്പാർട്ടുമെന്റായി മാറുമെന്നാണ് പ്രതിപക്ഷം അഭിപ്രായപ്പെടുന്നത്. മുഖ്യമന്ത്രി നേരിട്ട് ചാൻസലറാകുന്നതാണ് ഇതര സംസ്ഥാനങ്ങളിലെ കോൺഗ്രസ് ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ള നിലപാട്. അങ്ങനെ വന്നാൽ ഗവൺമെന്റ് നേരിട്ട് ഇടപെടുന്ന സ്ഥിതിയായിരിക്കും ഉണ്ടാവുക. അക്കാഡമിക് രംഗത്ത് ഔന്നത്യമുള്ള വ്യക്തിയാണ് ആ സ്ഥാനത്തേയ്ക്ക് വരേണ്ടതെന്ന ഗവൺമെന്റിന്റെ നിലപാടാണ് ഈ ബില്ലിലുള്ളത്. മിനിമം ക്വാളിഫിക്കേഷൻ യു.ജി.സി. പ്രകാരവും സെലക്ഷൻ പ്രോസസ് സ്റ്റേറ്റ് ആക്ട് പ്രകാരവുമെന്ന രീതിയാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റും സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 180 യൂണിവേഴ്സിറ്റികളിലെ വി.സി.-മാരെ യു.ജി.സി. പ്രൊസീഡുവർ അനുസരിച്ചല്ല നിയമിച്ചിരിക്കുന്നത്. നിലവിലെ നിയമമനുസരിച്ചാണ് സർവ്വകലാശാല വൈസ് ചാൻസലർമാരെ നിയമിച്ചിട്ടുള്ളത്. നിയമസഭ പാസ്സാക്കുന്ന ബില്ലുകൾക്ക് ഗവർണർ അനുമതി

നൽകണമെന്ന പ്രതിപക്ഷ നിലപാട് സ്വാഗതാർഹമാണ്. ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ നീക്കണമെന്ന ഏകകണ്ഠമായ അഭിപ്രായമാണ് സഭയിൽ ഉയർന്നുവന്നിട്ടുള്ളത്. ഈ ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) <u>2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): ചികിത്സാ സംവിധാനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് 2018-ൽ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പാസ്സാക്കിയത്. 1-1-2019-ൽ പ്രസ്തുത നിയമം നിലവിൽ വന്നെങ്കിലും കോവിഡ് വ്യാപനംമൂലം വ്യവസ്ഥകൾക്കനുസൃതമായും സമയബന്ധിതമായും

നടപ്പിലാക്കാൻ സാധിച്ചില്ല. ആരോഗ്യ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷനും ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുമുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഭേദഗതികളാണ് ബില്ലിലൂടെ അവതരിപ്പിക്കുന്നത്.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. സുജിത് വിജയൻപിള്ള: 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ മേഖല ലോകപ്രശസ്തി നേടിയിട്ടുണ്ട്. രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യമേഖലയിൽ കാലഘട്ടത്തിനനുസരിച്ചുള്ള പരിഷ്കാരങ്ങൾ അനിവാര്യമാണ്. നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സ്വകാര്യമേഖലയിലെ ലാബുകളെയും ലാബ് ടെക്നീഷ്യന്മാരെയും ഉൾക്കൊള്ളുന്ന തരത്തിൽ പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് അവരുടെ രജിസ്ട്രേഷൻ നടത്തണം. ചികിത്സാച്ചെലവ്

പ്രദർശിപ്പിക്കണമെന്നും ചികിത്സാപ്പിഴവ് സംഭവിക്കുന്ന ആശുപത്രിയുടെ രജിസ്ട്രേഷൻ കാൻസൽ ചെയ്യുമെന്നുമുള്ള വ്യവസ്ഥകൾ പുനഃപരിശോധിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ നിയമനിർമ്മാണങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ്. ജീവിത നിലവാരം ഉയർത്തുന്നതിനും മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിനും ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് ദീർഘകാല ചരിത്രമുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ ആശുപത്രികളിലെല്ലാം കാത്ത് ലാബുകൾ സ്ഥാപിച്ചത് അഭിനന്ദനാർഹമാണ്. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കൂടുതൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. പൊതുജനാരോഗ്യരംഗത്ത് ആർജ്ജിച്ച നേട്ടങ്ങൾമൂലം കോവിഡ് പോലുള്ള മഹാമാരികളെ പ്രതിരോധിക്കാൻ സാധിച്ചിട്ടുണ്ട്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നിലവിൽ വന്നതോടുകൂടി ആരോഗ്യ മേഖലയിലെ

അനാവശ്യ പ്രവണതകൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെയും ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെയും ആശയങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഈ ബിൽ അർത്ഥപൂർണ്ണമാക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സമയബന്ധിതമായി ഈ നിയമം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ 7153-ലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള കാമ്പയിൻ നടന്നുവരികയാണ്. താൽക്കാലിക രജിസ്ട്രേഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ഭൂരിഭാഗവും ലബോറട്ടറികളാണ്. മിനിമം സ്റ്റാൻഡേർഡ്സ് തയ്യാറാക്കി നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മാർച്ച് മാസത്തിനുള്ളിൽത്തന്നെ താൽക്കാലിക രജിസ്ട്രേഷനെടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നവകേരള കർമ്മ പദ്ധതിപ്രകാരം ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളെ രോഗീസൗഹൃദ ജനസൗഹൃദ ആശുപത്രികളാക്കി മാറ്റുന്ന പ്രവർത്തനം 2024-ഓടുകൂടി മെഡിക്കൽ

കോളേജുകളുൾപ്പെടെ എല്ലായിടത്തും സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും രോഗാതുരത കുറയ്ക്കുന്നതിനുമായി 30 വയസ്സിനുമുകളിലുള്ള ഏതാണ്ട് 50 ലക്ഷം ആളുകളെ സ്ക്രീൻ ചെയ്യാൻ സാധിച്ചുവെന്നത് നേട്ടമാണ്. പ്രമേഹ ചികിത്സയ്ക്കായി ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് 360 ഡിഗ്രി ഡയബറ്റിക് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. കാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനായി ആശാ വർക്കർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും 600 പഞ്ചായത്തുകളിൽ ഹോം സ്ക്രീനിംഗ് നടക്കുകയുമാണ്. ഓരോ ജില്ലയിലും കാൻസർ ഗ്രിഡ് തയ്യാറാക്കിയിട്ടുണ്ട്. ഇ-ഹെൽത്തിന്റെ ഭാഗമായി ശൈലി ആപ്, കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് കാൻസർ സ്യൂട്ട് എന്നിവ രൂപീകരിച്ചിട്ടുണ്ട്. യു.കെ. സന്ദർശനഫലമായി വെയിൽസിലെ എൻ.എച്ച്.എസ്., ഒഡെപെക്, നോർക്ക എന്നിവയുമായി സഹകരിച്ച് നവംബർ മാസത്തിൽ കേരളത്തിൽ ജോബ് ഫെയർ നടത്തുകയും 3,000 പേരെ റിക്രൂട്ട് ചെയ്യാനുള്ള നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ് കോളേജുകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ ഫലമായി

സർക്കാർ മേഖലയിൽ 212-ഉം സർക്കാർ/സ്വകാര്യ മേഖലയിലായി ഏകദേശം 700-ഉം സീറ്റുകൾ പുതിയതായി ഉണ്ടായിട്ടുണ്ട്. 100 കിടക്കകൾക്ക് മുകളിലുള്ള ആശുപത്രികളിൽ നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരം നഴ്സിംഗ് കോളേജിൽ അടുത്ത വർഷം 100 സീറ്റുകളെങ്കിലും വർദ്ധിപ്പിക്കുന്നതും പാരാമെഡിക്കൽ മേഖലയിൽ നൂതനമായ കോഴ്സുകൾ ആരംഭിക്കുന്നതും കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതുമാണ്. സംസ്ഥാനത്ത് നിലവിൽ 11 കാത്ത്‌ലാബുകൾ പ്രവർത്തിക്കുന്നതുകൂടാതെ കാഞ്ഞിരപ്പള്ളി, കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ കാത്ത്‌ലാബിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാനും ഇടുക്കിയിൽ പുതുതായി ആരംഭിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. ആരോഗ്യ പരിരക്ഷയ്ക്കായി KASP-ലൂടെ 1400 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. യൂണിവേഴ്സൽ ഹെൽത്ത് കവറേജാണ് സർക്കാരിന്റെ നയം. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതികളിലൊന്നും അംഗത്വമില്ലാത്തവർക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ വിവരശേഖരണം

നടത്തിവരികയാണ്. ആഗോളതലത്തിൽ ലഭ്യമായിട്ടുള്ള നൂതന സാങ്കേതികവിദ്യകൾ വിവിധ ചികിത്സാ മേഖലകളിൽ പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമം നടത്തിവരികയാണ്.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iv) <u>2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ</u>

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ബില്ലിലെ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കമ്മീഷൻ ചെയർമാന്റെ പ്രായപരിധി 65 വയസ്സാണ്. 62-ാം വയസ്സിൽ റിട്ടയർ ചെയ്തശേഷം നിയമിതനാകുന്ന ഒരു ജഡ്ജിക്ക് ചെയർപേഴ്സണായി ഒരു ടേം പൂർണ്ണമായും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രായപരിധി വർദ്ധിപ്പിക്കുന്ന ഭേദഗതിയും 4-ാം വകുപ്പിൽ 'നിയമനം' എന്ന വാക്കിന് പകരം 'നാമനിർദ്ദേശം' എന്ന ഭേദഗതിയുമാണ് കൊണ്ടുവന്നിട്ടുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 12.04.2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കമ്മീഷൻ ചെയർപേഴ്സണിന്റെ പ്രായപരിധി

ഉയർത്തുന്നതോടൊപ്പം അംഗങ്ങളുടെ കാലാവധിയും ദീർഘിപ്പിക്കേണ്ടതുണ്ടോയെന്ന് പുനഃപരിശോധിക്കണം. പ്രവാസി ഭാരതീയ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. പ്രവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും കമ്മീഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കണം. കോവിഡ് പശ്ചാത്തലത്തിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കണം. പ്രവാസിക്ഷേമ നിധിയിലേയ്ക്കുള്ള അംശദായത്തിന്റെ സർക്കാർ വിഹിതം വർദ്ധിപ്പിക്കാനും വിമാനയാത്രാ നിരക്ക് വർദ്ധനവ് ഒഴിവാക്കാനും നിസ്സാരകാരണങ്ങളാൽ ജയിൽവാസം അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമപരിരക്ഷ ഉറപ്പാക്കാനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസത്തിനായി വിദേശങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് നിയമപരിരക്ഷയും സുരക്ഷയും ഉറപ്പാക്കണം. പ്രവാസികളുടെ എണ്ണം, റിക്രൂട്ടിംഗ് ഏജൻസികളുടെ രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ചുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കാനും വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ കർശനനടപടി സ്വീകരിക്കാനും നടപടിയുണ്ടാകണം. 60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയോ പ്രവാസിക്ഷേമ ബോർഡിൽ ആവശ്യമായ

ഭേദഗതി വരുത്തി ആനുകൂല്യങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണം. വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത് തിരിച്ചുവരുന്ന പ്രവാസികൾക്കെല്ലാം ചികിത്സ/മരണാനന്തര/വിവാഹ ധനസഹായം ലഭ്യമാക്കണം. ത്രിതല പഞ്ചായത്തുകളിൽ പ്രവാസിക്ഷേമ സ്ഥിരം സമിതികൾ രൂപീകരിക്കണം. തിരിച്ചെത്തുന്ന പ്രവാസികളിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താനും പെൻഷന് അപേക്ഷിക്കേണ്ട പ്രായപരിധി ഉയർത്താനും അംശദായം അടയ്ക്കുന്നതിൽ മുടക്കംവരുത്തിയിട്ടുള്ള പ്രവാസികളിൽനിന്ന് കൂടിയ നിരക്കിൽ പിഴ ഈടാക്കുന്നത് ഒഴിവാക്കാനും വിദേശരാജ്യങ്ങളിൽ വച്ച് മരണമടയുന്ന പ്രവാസികളുടെ ഭൗതികശരീരം സർക്കാർ ചെലവിൽ നാട്ടിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്ക് സാന്ത്വനം പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനുള്ള കാലപരിധിയിൽ മാറ്റം വരുത്താൻ തയ്യാറാകണം.

<u>ശ്രീമതി യു. പ്രതിഭ:</u> 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടാനും ഈ മേഖലയിൽ

ആരംഭിക്കുന്ന വിവിധ പദ്ധതികൾ ജനങ്ങളിലേയ്ക്കെത്തിക്കാനും ലോക കേരളസഭയിലൂടെ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളുടെ കണക്ക് ശേഖരിക്കാൻ സംവിധാനമൊരുക്കണം. പ്രവാസികാര്യ വകുപ്പിന്റെയും നോർക്ക റൂട്ട്സിന്റെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2015-ലെ കേരള പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്ട് പ്രകാരം ചെയർപേഴ്സണായി നിയമിക്കപ്പെടുന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെ പ്രായപരിധി 65 വയസ്സായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ തൽസ്ഥാനത്ത് ഒരു ടേം (മൂന്ന് വർഷം) പൂർത്തിയാക്കാൻ അവർക്ക് കഴിയുന്നില്ലെന്നത് പരിഗണിച്ചാണ് ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും കാലാവധി ദീർഘിപ്പിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. പ്രവാസികളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരികയാണ്. സാമ്പത്തികവും ശാരീരികവുമായ അവശതയനുഭവിക്കുന്ന പ്രവാസികൾക്കായി രൂപീകരിച്ച 'സാന്ത്വനം' പദ്ധതിപ്രകാരം 133 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ എൻ.ഡി.പി.ആർ.ഇ.എം.

പദ്ധതിപ്രകാരം നൽകുന്ന 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും നാല് വർഷത്തേയ്ക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകുന്നുണ്ട്. പ്രവാസി ഭദ്രതാ സ്കീം പ്രകാരം 90.41 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിനായി സംഘടനകൾക്ക് നൽകുന്ന മൂന്ന് ലക്ഷം രൂപവരെയുള്ള ഒറ്റത്തവണ ധനസഹായ പദ്ധതിപ്രകാരം 70 സംഘടനകൾക്ക് രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേസുകളിൽപ്പെട്ട് വിദേശ ജയിലുകളിൽ കഴിയുന്നവർക്ക് നിയമസഹായം നൽകാൻ നിയമസഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ ബോധവത്കരണം നടത്തുകയും പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ്, കേരള പോലീസ് എന്നിവരുടെ സഹകരണത്തോടെ ഓപ്പറേഷൻ ശുഭയാത്ര പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഉത്സവ സീസണുകളിൽ വിമാനയാത്രാക്കൂലി അനിയന്ത്രിതമായി വർദ്ധിക്കുന്നതിലുള്ള സംസ്ഥാനത്തിന്റെ എതിർപ്പ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ നിലനിർത്തുന്നതിലും സാമൂഹ്യ-സാംസ്കാരിക മേഖലകളിലും പ്രവാസികളുടെ സംഭാവന വളരെ പ്രധാനമാണ്. ഈ ഭേദഗതിയിലൂടെ കമ്മീഷന്റെ

പ്രവർത്തനം കൂടുതൽ സുതാര്യമാക്കാൻ കഴിയും. ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

## (V) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. എൻ. വാസവൻ: 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ

സംബന്ധിച്ച VIII-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ക്ഷേമനിധിയിൽ ഒരംഗം തുടർച്ചയായി ആറുമാസക്കാലം അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകുന്നതിനും നികുതി വകുപ്പ് സെക്രട്ടറിക്കുപകരം ക്ഷേമനിധി ബോർഡിന്റെ അദ്ധ്യക്ഷനായി വകുപ്പുമന്ത്രിയെയും ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് പകരം നികുതി വകുപ്പ് സെക്രട്ടറിയെ വൈസ് ചെയർമാനായും നിയോഗിക്കണമെന്ന നിർദ്ദേശം ഉൾപ്പെടുത്തിക്കൊണ്ടുമുള്ള മൂന്ന് ഭേദഗതികൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ

സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആധാരമെഴുത്തുമേഖലയിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താനുതകുന്ന കൂടുതൽ പദ്ധതികൾ ബില്ലിൽ ഉൾപ്പെടുത്തണം. ഒരു വർഷക്കാലയളവിൽ കൂടുതൽ അംഗത്വം പുതുക്കാത്ത ആളുകളുടെ അംഗത്വം സർക്കാർ അനുമതിയില്ലാതെ പുനരുജ്ജീവിപ്പിക്കാൻ പാടില്ല. അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് വൺടൈം സെറ്റിൽമെന്റ് നടപ്പാക്കുമെന്ന നിർദ്ദേശത്തെയും വകുപ്പുമന്ത്രിയെ ബോർഡിന്റെ അദ്ധ്യക്ഷനാക്കുന്ന നടപടിയെയും സ്വാഗതം ചെയ്യുന്നു. വൺടൈം സെറ്റിൽമെന്റിലെ തുക പലിശരഹിതമായും തവണകളായും ഒടുക്കുന്നതിനുള്ള സൗകര്യമൊരുക്കണം. നികുതി വകുപ്പ് സെക്രട്ടറിയെ ബോർഡിന്റെ വൈസ് ചെയർമാനാക്കുന്നതിനുപകരം രജിസ്ട്രേഷൻ ഐ.ജി.-യെ അതേ ചുമതലയിൽ നിലനിർത്താനും ബോർഡിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാനും തയ്യാറാകണം. ആധാരമെഴുത്ത് തൊഴിലാളികളുടെ അംഗീകൃത സംഘടനകളുടെ പ്രതിനിധികൾക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുകയും ക്ഷേമനിധി ബോർഡിലെ സർക്കാർ വിഹിതം ഉറപ്പാക്കുകയും വേണം. പത്ത് വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്നവർക്ക് കാലാവധി കഴിയുമ്പോൾ കാലഘട്ടത്തിനനുസൃതമായ

റിട്ടയർമെന്റ് ആനുകൂല്യം നൽകാനും പെൻഷൻ തുകയും വിവാഹധനസഹായവും ഭവനനിർമ്മാണ വായ്പയും വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. രജിസ്ട്രേഷൻ ഓഫീസുകളിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ തടയുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺമാസ്റ്റർ): 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളിക്ഷേമമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. നിലവിലെ ക്ഷേമനിധിയുടെ അപാകതകൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണ്. അംശദായം അടയ്ക്കുന്നതിലെ വീഴ്ചമൂലം ക്ഷേമനിധിയിലെ അംഗത്വം വൺടൈം സെറ്റിൽമെന്റിലൂടെ പുന:സ്ഥാപിക്കാൻ ഈ ഭേദഗതിയിലൂടെ സാധിക്കും. വെണ്ടർമാർ അവരുടെ വരുമാനത്തിന്റെ രണ്ട് ശതമാനം സംഖ്യകൂടി ക്ഷേമനിധിയിൽ അടയ്ക്കണമെന്ന തീരുമാനം പുന:പരിശോധിക്കുന്നതോടൊപ്പം താത്കാലിക വെണ്ടർമാർക്കും ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിന് നടപടി സ്വീകരിക്കണം. ബോർഡിന്റെ അദ്ധ്യക്ഷനായി വകുപ്പുമന്ത്രിയെ

നിശ്ചയിച്ചതും വൺടൈം സെറ്റിൽമെന്റ് നടത്താനുള്ള തീരുമാനവും സ്വാഗതാർഹമാണ്.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഫെഡറൽ സംവിധാനത്തിനെതിരായി ഒരു രാജ്യം, ഒരു രജിസ്ട്രേഷൻ എന്ന ആശയത്തിനോട് സർക്കാരിന് യോജിക്കാൻ കഴിയില്ല. വൺടൈം സെറ്റിൽമെന്റിന് പലിശയൊഴിവാക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്. ആധാരമെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ജോലി സാഹചര്യം വ്യത്യസ്തമായതിനാൽ അംശദായം ഒരുപോലെയാക്കണമെന്ന നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല. ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

**പ്രമേയം**

<u>ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ അവതരണത്തിനും പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്ക് എടുക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**2)** <u>2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ:</u> ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന മദ്യത്തിന് ടേണോവർ ടാക്സില്ലെങ്കിലും സംസ്ഥാനത്തെ ഡിസ്റ്റിലറികളിൽ ഉല്പാദിപ്പിക്കുന്ന മദ്യത്തിന് ടേണോവർ ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ആൽക്കഹോളിന്റെ വില ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ ടേണോവർ ടാക്സ് ഒഴിവാക്കണമെന്ന ആവശ്യം പരിഗണിക്കാത്തതിനാൽ വിലകുറഞ്ഞ മദ്യത്തിന്റെ ഉല്പാദനം കമ്പനികൾ കുറയ്ക്കുകയും അതുമൂലം കോർപ്പറേഷന്റെ വരുമാനം ഇടിയുകയും ചെയ്തു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തിനകത്തും പുറത്തും ഉല്പാദിപ്പിക്കുന്ന മദ്യത്തിന് ടേണോവർ ടാക്സ് ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു. വരുമാനനഷ്ടം പരിഹരിക്കുന്നതിന്റെ ഭാഗമായി നാല് ശതമാനം വില്പന നികുതി

വർദ്ധിപ്പിക്കുന്നതിനായാണ് ബിൽ അടിയന്തരമായി സഭയിൽ കൊണ്ടുവന്നത്.

മി. സ്പീക്കർ: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വളരെ ഗൗരവമുള്ളതും സാമൂഹ്യവിപത്തുണ്ടാക്കുന്നതുമായ വിഷയമായതിനാൽ ചർച്ച ചെയ്യാതെ ബിൽ പാസ്സാക്കാൻ പാടില്ല.

(ബിൽ ചർച്ച കൂടാതെ പാസ്സാക്കരുതെന്ന പ്രതിപക്ഷാംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് 8.12.2022-ന് ചർച്ച ചെയ്യാനായി മാറ്റിവച്ചു.)

സഭ വൈകുന്നേരം 6.15-ന് പിരിഞ്ഞു.

*******